## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1722 04.10.2016-ൽ മറുപടിയ്ക്ക്**

## സമ്പൂർണ്ണ വൈദ്യുതീകരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.എം.എം. മണി:** | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സമ്പൂർണ്ണ വൈദ്യുതീകരണം പൂർത്തിയാക്കിയ ആദ്യ സംസ്ഥാനമായി കേരളത്തെ മാറ്റുന്നതിൽ ഈ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ;<br><br>(ബി) ഇതിനായി എം.എൽ.എ. മാരുടെ അധ്യക്ഷതയിൽ മണ്ഡലം അടിസ്ഥാനത്തിൽ യോഗങ്ങൾ ചേരുകയുണ്ടായോ എന്ന് വ്യക്തമാക്കുമോ; | എ & ബി | സമ്പൂർണ്ണ വൈദ്യുതീകരണം പൂർത്തിയാക്കിയ ആദ്യ സംസ്ഥാനമായി കേരളത്തെ മാറ്റുന്നതിന് ചുവടെ ചേർത്തിരിക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1. സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പാക്കുന്നതിന്റെ ഭാഗമായി ഗുണഭോക്താക്കളെ കണ്ടെത്താനായി വിപുലമായ തയ്യാറെടുപ്പുകൾ സർക്കാരും കെ. എസ്. ഇ. ബി. ലിമിറ്റഡും നടത്തിയിട്ടുണ്ട്.<br>2. എല്ലാ ജില്ലകളിലും ജനപ്രധിനിധികളുടെയും ഉദ്യോഗസ്ഥരുടെയും യോഗം വിളിച്ചു ചേർത്ത് സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനുവേണ്ടിയുള്ള പ്രവർത്ത നങ്ങൾ ആവിഷ്കരിക്കുകയുണ്ടായി.<br>3. വൈദ്യുതീകരിച്ചിട്ടില്ലാത്ത വീടുകളുടെ വിവരം ശേഖരിച്ചതനുസരിച്ച് തയ്യാറാക്കിയ കരട് പട്ടിക 9.9.2016 ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്.<br>4. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനു വേണ്ടി 26/8/2016-ലെ സർക്കാർ ഉത്തരവ് ജി. ഒ. (എം. എസ്.) നമ്പർ 18/2016/ഊ.വ പ്രകാരം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായ സംസ്ഥാന തല ഉന്നതാധികാര സമിതി, ജില്ലയുടെ ചാർജ്ജുള്ള മന്ത്രി ചെയർമാനായ ജില്ലാതല മോണിറ്ററിംഗ് സമിതി കെ. എസ്. ഇ. ബി ലിമിറ്റഡിലെ മുൻ ട്രാൻസ്മിഷൻ ആന്റ് ഡിസ്ട്രിബ്യൂഷൻ ഡയറക്ടർ ആയ ശ്രീ. കെ. അശോകൻ ചെയർമാനായ സംസ്ഥാന തല സാങ്കേതിക ഉപദേശക സമിതി, ബന്ധപ്പെട്ട നിയോജക മണ്ഡലത്തിലെ എം. എൽ.എ ചെയർമാനായ നിയോജക മണ്ഡലതല മോണിറ്ററംഗ് സമിതി, ഒരോ |

ഗ്രാമപഞ്ചായത്തിലും മുനിസിപ്പൽ കൗൺസിലിലും മുനിസിപ്പൽ കോർപ്പറേഷനിലും നിർവ്വാഹക സമിതികൾ എന്നിവ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി കമ്മിറ്റികളുടെ അവലോകന യോഗങ്ങൾ നടന്നു വരുന്നു.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, LSGD, SC/ST ക്ഷേമ വകുപ്പുകൾക്ക് അനുവദിച്ചിട്ടുള്ള ഫണ്ടുകൾ, ജനപ്രധിനിധികളുടെ (MLA SDF, MLA ADF,MP LAD)ഫണ്ടുകൾ, സന്നദ്ധ സംഘടനകളിൽ നിന്നുള്ള സാമ്പത്തിക സഹായം എന്നിവയിൽ നിന്നുമാണ് സമ്പൂർണ്ണ വൈദ്യുതീകരണത്തിനുള്ള എസ്റ്റിമേറ്റ് തുക കണ്ടെത്താൻ ലക്ഷ്യമിട്ടിട്ടുള്ളത്

(സി) ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്; വിശദാംശം നൽകാമോ;

(സി) ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി കെ. എസ്. ഇ. ബി യുടെ വെബ് സൈറ്റ് വഴിയും മാധ്യമങ്ങൾ മുഖേനയും ഉദ്യോഗസ്ഥർ നേരിട്ടും പ്രചരണം നടത്തിയിരുന്നു. ഉപഭോക്താക്കളുടെ രജിസ്ട്രേഷനു വേണ്ടി ലളിതമായ ഒരു ഫോറം തയ്യാറാക്കുകയും അത് ഗുണഭോക്താക്കൾക്കും ജനപ്രതിനിധികൾക്കും ലഭ്യമാക്കുകയും ചെയ്തിരുന്നു. ഇത് കൂടാതെ 9496018640 എന്ന നമ്പറിലേക്ക് മിസ്ഡ് കോൾ വഴി ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള സംവിധാനവും കെ. എസ്. ഇ. ബി ലിമിറ്റഡ് ഏർ പ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിൽ ലഭിക്കുന്ന അപേക്ഷകൾക്കു പുറമേ സർക്കാരിന്റെ വിവിധ വകുപ്പുകളുടെ കൈവശം നിലവിലുള്ള വിവരങ്ങളും വിവിധ വകുപ്പുകളുടെ സഹായത്തോടെ പുതുതായി ശേഖരിച്ച വിവരവും ഉപയോഗിച്ച് ഗുണഭോക്താക്കളുടെ പട്ടിക 24.9.2016-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ഡി) ഈ പദ്ധതി എത്ര നാളുകൾക്കുള്ളിൽ പൂർത്തിയാക്കാൻ ആണ് ലക്ഷ്യമിടുന്നത്?

(ഡി) 31.3. 2017 ഓടു കൂടി എല്ലാ വീടുകളിലും വൈദ്യുതി ലഭ്യമാക്കുന്ന നടപടി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

Hemalatha

**സെക്ഷൻ ഓഫീസർ**